"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലർക്ക് ശ്രീമതി ശ്രീലക്ഷ്മി .എസ്-ന് പ്രത്യേക അവശത അവധി അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2161/2024/LSGD തീയതി,തിരുവനന്തപുരം, 11-11-2024

---

പരാമർശം:-
1. ശ്രീമതി ശ്രീലക്ഷ്മി എസ്-ന്റെ 27.11.2023 തീയതിയിലെ അപേക്ഷ
2. തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 01.12.2023ലെ LSGD/JD/KLM/154/2023-A1 നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13.03.2024 ലെ LSGD/PD/60391/2023-DEC3 നമ്പർ കത്ത്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.08.2024ലെ LSGD/PD/60391/2023-DEC3 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമ പഞ്ചായത്ത് ഓഫീസിലെ മുൻ ക്ലർക്ക് ശ്രീമതി ശ്രീലക്ഷ്മി.എസ്-ന് പ്രത്യേക അവശത അവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. ശ്രീമതി ശ്രീലക്ഷ്മി.എസ്, പവിത്രേശ്വരം ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഡ്യൂട്ടിയ്ക്കായുള്ള യാത്രാ മദ്ധ്യേ 07.09.2023 തീയതിയിൽ അപകടത്തിൽപ്പെടുകയും ആശുപത്രിയിൽ ചികിത്സതേടുകയും ചെയ്തിരുന്നുവെന്നും, ടിയാൾക്ക് 07.09.2023 തീയതി മുതൽ 13 ആഴ്ചത്തെ വിശ്രമം നിർദ്ദേശിച്ചതിൻ പ്രകാരം ടിയാൾ 07.09.2023 മുതൽ 03.12.2023 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ സൂചന(1) പ്രകാരം പ്രത്യേക അവശതാവധിയ്ക്കായി അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ 01.12.2023 തീയതിയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്തിരുന്നതിൻ പ്രകാരം പരാമർശം (2) പ്രകാരം ടിയാൾക്ക് നിയമനം നൽകുകയും 04.12.2023 ന് ടിയാൾ ശൂരനാട് സൗത്ത് ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലർക്ക് ശ്രീമതി ശ്രീലക്ഷ്മി.എസ്— ന് 07.09.2023 തീയതി മുതൽ 30.11.2023 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ KSR Part I ചട്ടം 97, 98 പ്രകാരം പ്രത്യേക അവശത അവധി അനുവദിച്ചും, സേവനത്തിൽ പ്രവേശിക്കുന്നതുവരെയുള്ള കാലയളവ് പ്രവേശന കാലയളവായോ അനുവദനീയമായ അവധിയായോ ക്രമീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ

ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , കൊല്ലം

   (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3. സെക്രട്ടറി, പവിത്രേശ്വരം/ ശൂരനാട് സൗത്ത് ഗ്രാമപഞ്ചായത്ത്

   (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4. ശ്രീമതി.ശ്രീലക്ഷ്മി എസ്, മുൻ ക്ലർക്ക്, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

   (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/ തൃശ്ശൂർ
6. ഡയറക്ടർ . ഐ കെ എം
8. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
9. കരുതൽ ഫയൽ (ഫയൽ നം.70/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 12-11-2024 12:10:19